# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**കൊല്ലവർഷം 1201 - തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്കും, ജീവനക്കാർക്കും പരിശീലന പരിപാടികൾ ശാസ്ത്രീയമായി സംവിധാനം ചെയ്യുന്നതിന് ഒരു കൺസൽട്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

നടപടി ഉത്തരവ് നമ്പർ ആർഒസി **04/2026/ശബ** തിരുവനന്തപുരം, തീയതി 16.04.2026

---

**പരാമർശം:- 15.04.2026-ലെ ബോർഡ് യോഗ തീരുമാനം.**

2026-27 വർഷത്തെ ദേവസ്വം ബോർഡ് ബഡ്ജററിൽ ഉദ്യോഗസ്ഥരുടെയും, ജീവനക്കാരുടെയും പരിശീലനത്തിന് വലിയ പ്രാധാന്യം നൽകുകയും ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ക്ലിഫ് ഹൗസ് റോഡിൽ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കാനായി മുൻപ് സജ്ജീകരിച്ച കെട്ടിടം പരിശീലന കേന്ദ്രമാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുള്ളതാണ്. ബഡ്ജററ് പരിചയപ്പെടുത്താനുള്ള ആദ്യ പരിശീലനത്തോടെ ഈ കേന്ദ്രം പ്രവർത്തനക്ഷമമാവും. എന്നാൽ ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും, സ്ഥിര താൽകാലിക ജീവനക്കാർക്കും പരിശീലനം നൽകി മാത്രമെ ശബരിമലയ്ക്ക് അയയ്ക്കുകയുള്ളു എന്ന് ബഹുമാനപ്പെട്ട കോടതിയിൽ ബോർഡ് സമ്മതിക്കുകയും അങ്ങനെ തന്നെ ചെയ്യണമെന്ന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. ശബരിമല ഡ്യൂട്ടിയിലുള്ളവർ മാത്രമല്ല, ദേവസ്വം ബോർഡ് എല്ലാ വിഭാഗങ്ങളിൽപ്പെട്ട സ്റ്റാഫിനും ഘട്ടം ഘട്ടമായി പരിശീലനം നൽകുന്നതിന് തീരുമാനിച്ചു.

പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഒരു ട്രെയിനിംഗ് കലണ്ടറിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ രീതിയിൽ അവ നടത്തുന്നതിനും പരിചയ സമ്പന്നനായ പരിശീലകന്റെ സേവനം ഒഴിച്ചുകൂടാനാവത്തതാണ്. ആകയാൽ ഐ.എം.ജി-യിൽ നിന്ന് മുപ്പത് വർഷത്തെ സേവനം പൂർത്തിയാക്കി പ്രൊഫസറായി വിരമിച്ച ദേശീയ തലത്തിൽ മാസ്റ്റർ ട്രെയിനറായ ഡോ.എസ്. സജീവ്-നെ ട്രെയിനിംഗ് കൺസൽട്ടന്റായി ഒരു വർഷത്തേയ്ക്ക് നിയമിച്ചും. ടിയാന് പ്രതിമാസം 75,000 (എഴുപത്തി അയ്യായിരം) രൂപ കൺസോളിഡേററഡ് പ്രതിഫലമായി നിശ്ചയിച്ചും ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,**

(ഒപ്പ്)

**സെക്രട്ടറി**

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിററി)
3) ലാ ഓഫീസർ
4) ഡോ. എസ്. സജീവ് (രമണിക, ഇ.ആർ.എ.17, ശ്രീലെയിൻ.2, ഇടപ്പഴിഞ്ഞി, ശാസ്തമംഗലം.പി.ഒ, തിരുവനന്തപുരം 695010)
5) ചീഫ് എഞ്ചിനീയർ
6) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
7) ദേവസ്വം അക്കൗണ്ട്സ് ഓഫീസർ

17

8) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
9) ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
10) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഡിജിറ്റൈറേസേഷൻ
11) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഫിനാൻസ് ഇൻസ്പെക്ഷൻ
12) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ പത്തനംതിട്ട, വൈക്കം, ഹരിപ്പാട്, തിരുവനന്തപുരം
13) പേർസണൽ സെക്രട്ടറി to പ്രസിഡന്റ്
14) പേർസണൽ സെക്രട്ടറി to മെമ്പർ
15) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
16) ഐ.റ്റി വിഭാഗം (പ്രസിദ്ധീകരണത്തിന്)
17) സെക്ഷൻ ഫയൽ
18) ഫെയർ ഓഫീസ് കോപ്പി

16/04/26

**അംഗീകാരത്തോടെ**

**അസിസ്റ്റന്റ് സെക്രട്ടറി**
**ശബരിമല സെൽ**